# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. വഖഫ് ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി; പ്രതിപക്ഷ ഭേദഗതികൾ തള്ളി; ബിൽ ഇന്ന് രാജ്യസഭയിൽ.

   The Lok Sabha has passed the Waqf (Amendment) Bill, 2025 negating the amendments moved by opposition.

2. മണിപ്പൂരിൽ രാഷ്ട്രപതി ഭരണം സ്ഥിരീകരിച്ച പ്രമേയം ലോക്സഭ അംഗീകരിച്ചു; മണിപ്പൂരിൽ സമാധാനം പുനസ്ഥാപിക്കാൻ എല്ലാ ശ്രമവും നടത്തിവരികയാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   The Lok Sabha adopted a Statutory Resolution confirming imposition of President's Rule in Manipur ; All efforts are being made to restore peace says Union Home Minister Amit Shah.

3. രാജ്യത്തെ കുടിയേറ്റ നിയമങ്ങൾ ശക്തിപ്പെടുത്തുന്ന ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബില്ലിന് പാർലമെൻറിൻറെ അംഗീകാരം.

   Parliament passes bill to modernise immigration laws and regulate entry and stay of foreigners in India.

4. ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി തായ്‌ലൻഡിലേയ്ക്ക് തിരിച്ചു.

   Prime Minister Narendra Modi will embark on a two-day visit to Thailand this morning to participate in the 6th BIMSTEC Summit.

5. **നിരവധി രാജ്യങ്ങൾക്ക് പകരച്ചുങ്കം പ്രഖ്യാപിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ; ഇന്ത്യൻ ഉല്പന്നങ്ങൾക്ക് 26 ശതമാനം തീരുവ ചുമത്തി.**

   **US President Donald Trump has announced reciprocal tariffs on several countries including India, which will be charged 26 per cent of its imports.**

6. **അന്താരാഷ്ട്ര ഷൂട്ടിംഗ് ലോകകപ്പിന് അർജൻറീനയിൽ ഇന്ന് തുടക്കമാകും. ഇന്ത്യൻ സംഘത്തെ മനു ഭാക്കർ നയിക്കും.**

   **Manu Bhaker will lead a 43-member Indian shooting contingent at the ISSF World Cup 2025 at Buenos Aires in Argentina, beginning today.**

***********************************

## LS PASSES WAQF BILL… (INTRO)

വഖഫ് ഭേദഗതി ബിൽ ലോക്സഭ പാസാക്കി. പ്രതിപക്ഷം മുന്നോട്ട് വച്ച ഭേദഗതികൾ നിരാകരിച്ചാണ് ബിൽ പാസാക്കിയത്. 288 അംഗങ്ങൾ ബില്ലിനെ അനുകൂലിച്ചും 232 പേർ എതിർത്തും വോട്ട് ചെയ്തു. പന്ത്രണ്ടുമണിക്കൂറിൽ ഏറെ നീണ്ട ചർച്ചക്ക് ഒടുവിൽ ഇന്ന് പുലർച്ചെയാണ് വോട്ടെടുപ്പിലൂടെ ബിൽ പാസായതായി സ്പീക്കർ ഓം ബിർല സഭയിൽ പ്രഖ്യാപിച്ചത്.

(ഹോൾഡ്, വോയ്സ്)

വഖഫ് സ്വത്തുക്കളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക, പൈതൃക സ്ഥലങ്ങൾ സംരക്ഷിക്കുക തുടങ്ങിയ വ്യവസ്ഥകൾ ബില്ലിൽ നിർദേശിക്കുന്നു. വഖഫ് ബോർഡ് ഇടപാടുകളിൽ മുസ്ലിം സമുദായത്തിന് പുറത്തുള്ളവർ കൈകടത്തുമെന്ന തരത്തിലുള്ള ആരോപണം വസ്തുതാവിരുദ്ധമാണെന്ന് ബിൽ ചർച്ചയ്ക്കുള്ള മറുപടിയിൽ കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. സംയുക്ത പാർലമെൻറ് കമ്മിറ്റിയുടെ വിശദമായ ചർച്ചകൾക്ക് ശേഷമാണ് ബിൽ കൊണ്ടുവന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വ്യക്തമാക്കി. ബില്ലിനെ കുറിച്ച് തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരണങ്ങളാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ് )

ബിൽ ഭരണഘടനാ വിരുദ്ധമാണെന്ന് ചർച്ചക്ക് തുടക്കമിട്ട് കോൺഗ്രസ് എം.പി ഗൗരവ് ഗൊഗോയ് പറഞ്ഞു. സമൂഹത്തെ ഭിന്നിപ്പിക്കാനുള്ള ശ്രമമാണിതെന്ന് ബില്ലിനെ എതിർത്തുകൊണ്ട് സിപിഐ(എം)എം.പി കെ.രാധാകൃഷ്ണൻ പറഞ്ഞു. ന്യൂനപക്ഷത്തിനെതിരെ നടത്തുന്ന നീക്കമാണിതെന്ന് കോൺഗ്രസ് എംപി കെ.സി വേണുഗോപാൽ വിമർശിച്ചു. ടിഡിപി, ജെഡിയു, എൽജെപി, ആർഎൽഡി ഉൾപ്പെടെയുള്ള എൻഡിഎ ഘടകകക്ഷികൾ ബില്ലിനെ പിന്തുണച്ചു. വഖഫ് ഭേദഗതി ബിൽ ഇന്ന് രാജ്യസഭ പരിഗണിക്കും.

************************************

## IMMIGRATION AND FOREIGNERS BILL

രാജ്യത്തെ കുടിയേറ്റ നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ച ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 പാർലമെൻറ് പാസാക്കി. ലോക്സഭ നേരത്തെ പാസ്സാക്കിയ ബില്ലിന് ഇന്നലെ രാജ്യസഭ അംഗീകാരം നൽകി. ഇന്ത്യയിലെക്കുളള വിദേശികളുടെ പ്രവേശനം, താമസം തുടങ്ങിയവ നിയന്ത്രിക്കുന്നതിനാണ് നിയമനിർമ്മാണം ലക്ഷ്യമിടുന്നത്. ഇന്ത്യ സന്ദർശിക്കുന്ന വിദേശികളുടെ എല്ലാ രേഖകളും വിശദമായി പരിശോധിക്കാൻ നിയമനിർമ്മാണം സഹായിക്കുമെന്ന് ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് പറഞ്ഞു.

************************************

## LS- RESOLUTION MANIPUR

മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയത് സ്ഥിരീകരിക്കുന്ന പ്രമേയം ഇന്നലെ ലോക്സഭ അംഗീകരിച്ചു. മണിപ്പൂരിൽ സാധാരണ നില പുനഃസ്ഥാപിക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. എംപിമാരായ ശശിതരൂർ, കനിമൊഴി, സുപ്രിയ സുലേ തുടങ്ങിയവർ ഹ്യസ്വചർച്ചയിൽ പങ്കെടുത്തു.

***********************************

## MORN. PM THAILAND VISIT

ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി തായ്‌ലൻഡിലേക്ക് തിരിച്ചു. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്. ബാങ്കോക്കിൽ തായ്‌ലൻഡ് പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുകയും നിരവധി ഉഭയകക്ഷി കരാറുകളിൽ ഒപ്പുവെക്കുകയും ചെയ്യും.

***********************************

## TRUMP TARIFFS

ഇന്ത്യയടക്കം നിരവധി രാജ്യങ്ങൾക്ക് പകരച്ചുങ്കം പ്രഖ്യാപിച്ച് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. അമേരിക്കയുടെ പ്രധാന വ്യാപാര പങ്കാളികളും സഖ്യകക്ഷികളുമായ യൂറോപ്യൻ യൂണിയനിൽ നിന്നുള്ള ഇറക്കുമതിക്ക് 20 ശതമാനം തീരുവയാണ് ചുമത്തിയത്. ബ്രിട്ടണിൽ നിന്നുള്ള ഇറക്കുമതിക്ക് 10 ശതമാനവും പ്രഖ്യാപിച്ചു. ജപ്പാന് 24 ശതമാനം തീരുവയും ചുമത്തി. ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങൾക്ക് 26 ശതമാനം തീരുവയാണ് ചുമത്തിയത്. ചൈനയ്ക്ക് 34 ശതമാനവും ബംഗ്ലാദേശിന് 37 ശതമാനവും പാകിസ്ഥാന് 29 ശതമാനവും ശ്രീലങ്കയ്ക്ക് 44 ശതമാനവവും ഇസ്രയേലിന് 17 ശതമാനവും തീരുവ ചുമത്തി. പ്രഖ്യാപനത്തോടെ പുതിയ തീരുവകൾ നിലവിൽവന്നു.

***********************************

## ബ്രേക്ക്..........

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

***********************************

## WAQF-MUNAMBAM

വഖഫ് ഭേദഗതി ബിൽ ലോക്സഭ പാസാക്കിയതിനെ തുടർന്ന് കൊച്ചിയിലെ മുനമ്പത്ത് സമരക്കാർ ആഹ്ളാദപ്രകടനം നടത്തി. പ്രധാനമന്ത്രിക്കും കേന്ദ്ര ഗവൺമെന്റിനും അനുകൂലമായി മുദ്രാവാക്യം മുഴക്കിയും, പടക്കം പൊട്ടിച്ചുമായിരുന്നു അർദ്ധരാത്രിയോടെ നടന്ന ആഹ്ളാദപ്രകടനം.

*********************************

## WAYANAD

മുണ്ടക്കൈ -ചൂരൽമല അതിജീവിതർക്കായി കൽപ്പറ്റയിൽ ഒരുക്കുന്ന മാതൃക ടൗൺഷിപ്പിലേക്ക് നൽകിയ സമ്മതപത്രങ്ങളുടെ പരിശോധന നാളെ ആരംഭിക്കും. ഗുണഭോക്താക്കൾക്ക് സമ്മതപത്രം സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

*********************************

## SSLC

എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം ഇന്ന് ആരംഭിക്കും. എസ്എസ്എൽസി മൂല്യനിർണയം 26 വരെ രണ്ട് ഘട്ടമായി നടക്കും. 72 കേന്ദ്രീകൃത ക്യാമ്പുകളിലാണ് മൂല്യനിർണയം. മെയ് മൂന്നാംവാരം ഫലം പ്രഖ്യാപിക്കും. ഹയർ സെക്കൻഡറി പരീക്ഷാ മൂല്യനിർണയത്തിനായി 89 ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്.

*********************************

## ASHA WORKERS-VEENA GEORGE

ആശ പ്രവർത്തകർ ഉന്നയിക്കുന്ന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ യൂണിയൻ നേതാക്കളുമായി ആരോഗ്യമന്ത്രി വീണാ ജോർജ് ഇന്ന് ചർച്ച നടത്തും. പകൽ മൂന്നിന് സെക്രട്ടറിയറ്റ്

അനക്സിലാണ് യോഗം. ആശാ മേഖലയിലെ സംഘടനകളെ കൂടാതെ കേന്ദ്ര ട്രേഡ് യൂണിയൻ ഭാരവാഹികളെയും വിളിച്ചിട്ടുണ്ട്.

***********************************

## VISHU, EASTER – V.N. VASAVAN

വിഷു-ഈസ്റ്റർ ചന്തയുടെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 11ന് തിരുവനന്തപുരത്ത് മന്ത്രി വി എൻ വാസവൻ നിർവഹിക്കും. കൺസ്യൂമർഫെഡ് മുഖേനയുള്ള ചന്ത 12 മുതൽ 21 വരെ നീളും. പൊതു വിപണിയേക്കാൾ 40 ശതമാനം വരെ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകും.

***********************************

## MANU BHAKER

ഇന്ന് അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ ആരംഭിക്കുന്ന 2025 ലെ ഐഎസ്എസ്എഫ് ലോകകപ്പിൽ 43 അംഗ ഇന്ത്യൻ ഷൂട്ടിംഗ് സംഘത്തെ മനു ഭാക്കർ നയിക്കും. 45 രാജ്യങ്ങളിൽ നിന്നുള്ള 400 ൽ അധികം ഷൂട്ടർമാർ ലോകകപ്പിൽ പങ്കെടുക്കും.

***********************************

## IPL T20 CRICKET

എപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 8 വിക്കറ്റ് ജയം. ബെംഗളൂരു ഉയർത്തിയ 169 റൺ വിജയലക്ഷ്യം ഗുജറാത്ത് പതിനെട്ടാം ഓവറിൽ മറികടന്നു. ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

***********************************

## ISL FOOTBALL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാൾ ആദ്യ പാദ സെമിഫൈനലിൽ ഇന്നലെ എഫ്.സി ഗോവയെ എതിരില്ലാത്ത 2 ഗോളിന് ബംഗളൂരു എഫ്.സി പരാജയപ്പെടുത്തി. ഇന്ന് രണ്ടാം സെമിയിൽ ജംഷഡ്പൂർ എഫ്.സി, മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ നേരിടും .

***********************************

## KERALA STARTUP

വിവിധ മേഖലകളിലെ സ്റ്റാർട്ടപ്പുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന സ്റ്റാർട്ടപ്പ് മഹാകുംഭ് 2025 സമ്മേളനത്തിൽ കേരളത്തിലെ 15 സ്റ്റാർട്ടപ്പുകൾ പങ്കെടുക്കും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് ആരംഭിക്കുന്ന പരിപാടി മൂന്നു ദിവസം നീളും.

***********************************

## NENMARA- VALLANGI VELA

പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ നെന്മാറ- വല്ലങ്ങി വേല ഇന്ന്. ഇരു ദേശങ്ങളിലും പുലർച്ചെ തന്നെ ആഘോഷ ചടങ്ങുകൾ തുടങ്ങി.

***********************************

## WEATHER

സംസ്ഥാനത്ത് ഞായർവരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

***********************************

## 2500 KG NARCOTICS

ഇന്ത്യൻ നാവികസേനയുടെ യുദ്ധക്കപ്പലായ ഐഎൻഎസ് തർക്കാഷിൻറെ നേതൃത്വത്തിൽ നടത്തിയ ദൗത്യത്തിൽ, പശ്ചിമ ഇന്ത്യൻ മഹാസമുദ്രത്തിൽ വച്ച് 2500 കിലോഗ്രാമിലധികം മയക്കുമരുന്ന് പിടികൂടി. സംശയാസ്പദമായി കണ്ടെത്തിയ കപ്പലുകളിൽ നടത്തിയ തെരച്ചിലിലാണ് മയക്കമരുന്ന് പിടികൂടിയത്.

*****************************************

## DOT-LANDLINES

സ്പാം കോൾ ഉൾപ്പെടെ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടെത്തിയ ഏകദേശം 1.75 ലക്ഷം ലാൻഡ്‌ലൈൻ കണക്ഷനുകൾ ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് വിച്ഛേദിച്ചു. ഇത്തരം പ്രവണതകൾ തടയാൻ വേഗത്തിൽ നടപടിയെടുക്കുന്നതിന് ടെലികോം സേവന ദാതാക്കളോടും ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

*****************************************

## MYANMAR- CEASEFIRE

മ്യാൻമറിൽ, ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 3,000 കടന്നു. 4,500 ൽ അധികം ആളുകൾക്ക് പരിക്കേറ്റു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി, സൈന്യം, രാജ്യത്തെ ആഭ്യന്തര യുദ്ധത്തിൽ താൽക്കാലിക വെടിനിർത്തൽ പ്രഖ്യാപിച്ചു.

*****************************************

## CHILEAN PRESIDENT MUMBAI VISIT

ഇന്ത്യ സന്ദർശനത്തിന്റെ ഭാഗമായി ചിലി പ്രസിഡന്റ് ഗബ്രിയേൽ ബോറിക് ഫോണ്ട് ഇന്നലെ രാത്രിയോടെ മുംബൈയിലെ ഛത്രപതി ശിവജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തി. മന്ത്രി

ജയകുമാർ റാവൽ അദ്ദേഹത്തെ സ്വീകരിച്ചു. ഡൽഹിയും ഉത്തർപ്രദേശും നേരത്തെ അദ്ദേഹം സന്ദർശിച്ചിരുന്നു.

*********************************************

## RUSSIA-NEW AGENCY

കുടിയേറ്റ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് പുതിയ ഏജൻസിയ്ക്ക് രൂപം നൽകി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. കുടിയേറ്റം നിയന്ത്രിക്കുക, നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് നിയമങ്ങൾ നടപ്പിലാക്കുക എന്നതാണ് ഏജൻസിയുടെ ലക്ഷ്യം.

*********************************************

## INDIA-AUSTRALIA

ഇന്ത്യ ഓസ്ട്രേലിയ സാമ്പത്തിക സഹകരണ, വ്യാപാര കരാറിന് മൂന്നാം വർഷം. കരാർ നടപ്പിലാക്കിയതിനുശേഷം, 2023-24 സാമ്പത്തിക വർഷത്തിൽ മൊത്തം ഉഭയകക്ഷി വ്യാപാരം 24 ബില്യൺ ഡോളറിലെത്തിയെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

**************************************************************************************************************
******************************************************************************